## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4184**

**25.06.2014** ൽ മറുപടിക്ക്

<u>കോരപ്പുഴയുടെ സംരക്ഷണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | <u>ശ്രീ.പി.ജെ.ജോസഫ്</u><br><u>(ജലവിഭവവകുപ്പ് മന്ത്രി)</u> |
| (എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ അഴിമുഖത്തെ ചെളിയും മണലും നീക്കം ചെയ്യാനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിൽ ഉണ്ടോ; വിശദാംശം വ്യക്തമാക്കുമോ;<br><br>(ബി) കോരപ്പുഴയെ നാശത്തിൽ നിന്ന് സംരക്ഷിക്കാനും പുഴയോരമേഖലയിലെ മത്സ്യതൊഴിലാളികൾക്ക് ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്താനും ഉപയുക്തമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) കോരപ്പുഴയുടെ അഴിമുഖം വികസനത്തിനായി മുഖ്യമന്ത്രിയുടെ ചേംബറിൽ 19-06-14 ന് വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ അഴിമുഖത്തും അതിനോട് ചേർന്ന പുഴഭാഗത്ത് നിന്നും മണലും ചെളിയും നീക്കം ചെയ്യാൻ ഉദ്ദേശിച്ചുള്ള വിശദമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ ജലസേചന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ട നടപടികൾ ഉടൻ തന്നെ ആരംഭിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ